Page 1 of 1

ക്കെ ത്ത് സംസ്ഥാനത്തെ ഒരു ജീവനക്കാരനും ഹൗസ് ബിൽഡിംഗ് അഡ്വാൻസ് കിട്ടാൻ സാധിക്കുമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് സർക്കാർ ഉദ്യോഗസ്ഥൻമാരുടെ അടിയന്തിരമായ ആവശ്യം കണക്കിലെടുത്തും അവരുടെ താൽപര്യങ്ങളും ഈ സഭയുടെ തന്നെ പല ഭാഗത്തു നിന്നു വന്ന നിവേദനങ്ങൾ കൂടി പരിഗണിച്ചുകൊണ്ടും സർക്കാർ ഉദ്യോഗസ്ഥൻമാരോട് നീതി കാണിക്കുന്നതിനും വേണ്ടി സദുദ്ദേശത്തോടുകൂടി ഒരു നിയമവും ലംഘിക്കാതെ ഒരു പക്ഷേ സാങ്കേതികമായ നിയമ ലംഘനം ഉണ്ടെങ്കിൽ പോലും ഒരു ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള മാനുഷികമായ പരിഗണനയുടെ പേരിൽ ചെയ്തിട്ടുള്ളതാണ്. ഇതിൽ യാതൊരു നിയമ ലംഘനവും ഇല്ല.

മി. സ്പീക്കർ: ഇതിന്റെ വിശദമായ റൂളിംഗ് പിന്നീട് നൽകാം.

ശ്രീ. എ. സി. ഷൺമുഖദാസ്: അങ്ങയുടെ റൂളിംഗിന് മുമ്പ് ഒരു കാര്യം പറയാം. ഇവിടെ പറഞ്ഞതുപോലെ ഉദ്യോഗസ്ഥൻമാരിൽ താൽപ്പര്യം ഉണ്ടായിരുന്നെങ്കിൽ ന്യൂ സർവ്വീസ് ആകാമായിരുന്നു. ഗവൺമെന്റിന്റെ പിടിപ്പുകേട് കൊണ്ട് നിയമപരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ നടപ്പിലാക്കാതിരിക്കാൻ ഒക്കുകയില്ല.

*Minister for Finance* (**Shri. C. V. Padmarajan**): There is absolutely no question of a new service procedure in this matter. Because this is an amount already provided in the Budget, something is to be added. So that new service is not at all necessary.

മി. സ്പീക്കർ: ഇതിന്റെ വ്യക്തമായ റൂളിംഗ് പിന്നീട് നൽകാം.

## IX. റൂളിംഗ്

### ഇലക്ട്രിസിറ്റി ബോർഡിന്റെ ബഡ്ജറ്റ് സംബന്ധിച്ച്

മി. സ്പീക്കർ: 1992 മാർച്ച് 31-ന് നൽകിയ റൂളിംഗ് അനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ അതാത് വർഷത്തെ ബഡ്ജറ്റ് കഴിയുന്നതും മുൻവർഷം മാർച്ച് 31-ന് മുൻപ് മേശപ്പുറത്ത് വയ്ക്ക
11 A. M.] ണമെന്നു പ്രസ്താവിച്ചിരുന്നു. 7-7-1992-ലെ റൂളിംഗിലും ഇക്കാര്യം ആവർത്തിച്ചിരുന്നു. 1948-ലെ ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ടിന്റെ 61-ാം വകുപ്പിൽ ബോർഡിന്റെ ബഡ്ജറ്റ് ഫെബ്രുവരിക്കു മുൻപായി ഗവൺമെന്റിന് നൽകണമെന്നും ഗവൺമെന്റ് അത് കഴിയുന്നത്ര വേഗം സഭ മുൻപാകെ വയ്ക്കണമെന്നും സഭ അത് ചർച്ച ചെയ്യണമെന്നും സഭയുടെ അഭിപ്രായം ബോർഡ് കണക്കിലെടുക്കണമെന്നും വ്യക്തമായ വ്യവസ്ഥയുണ്ട്. പക്ഷേ പ്രായോഗികതയിൽ ഇത് അനുസരിക്കുന്നതായി കാണാത്തത് ഖേദകരമാണ്. ബോർഡും ഗവൺമെന്റും ആക്ടിലെ വ്യവസ്ഥ പാലിക്കുവാൻ കടപ്പെട്ടവരാണ്. ഈ കാര്യത്തിൽ കുറച്ചുകൂടി ശ്രദ്ധ പതിപ്പിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly